പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

18/12/2014 -ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ: 4840

**സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. പി. മുഹമ്മദ് | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ യു,പി.എസ്.-ന്റെ തകരാർ കാരണം വൈദ്യുതി തടസ്സമുണ്ടാവുകയും രജിസ്ട്രേഷൻ ജോലികൾ മുടങ്ങുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) യും ബി) യും. | യു.പി.എസ്. തകരാറുമൂലം ചില സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് വാർഷിക അറ്റകുറ്റപ്പണിയുടെ ഭാഗമായുള്ള സാങ്കേതിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ രജിസ്ട്രാർമാരിൽ നിന്ന് വിശദമായ റിപ്പോർട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് ലഭിച്ചിട്ടുണ്ട്. |
| ബി) ഇല്ലെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ; | | |
| സി) തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ഏതെല്ലാം സബ് രജിസ്ട്രാർ ഓഫീസുകളിലാണ് ഇത്തരത്തിൽ രജിസ്ട്രേഷൻ അനുബന്ധ ജോലികൾ മുടങ്ങിയിട്ടുള്ളത്; | സി) | തൃശ്ശൂർ ജില്ലയിൽ മുണ്ടൂർ, പഴയന്നൂർ, എരുമപ്പെട്ടി, കുട്ടനല്ലൂർ, അയ്യന്തോൾ, അക്കിക്കാവ്, കാട്ടൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിലും പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് സബ് രജിസ്ട്രാർ ഓഫീസിലും യു.പി.എസ്. തകരാറുമൂലം ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നേരിടുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| ഡി) ഇത്തരത്തിൽ രജിസ്ട്രേഷൻ അനുബന്ധജോലികൾ മുടങ്ങുന്നത് ഭാവിയിൽ ഇല്ലാതാക്കുന്നതിനും, ധന നഷ്ടം ഉണ്ടാകാതിരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ ? | ഡി) | രജിസ്ട്രേഷൻ അനുബന്ധ ജോലികൾ മുടങ്ങുന്നത് ഭാവിയിൽ ഇല്ലാതാക്കുന്നതിനും ധനനഷ്ടം ഉണ്ടാകാതിരിക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ.